LIBRARY ARCHIVES Kerala Legislative Assembly

ഭാഗമായി ഗോത്രവർഗ്ഗ യുവജനങ്ങളുടെ കലാപരിപാടികൾ, വംശീയ വൈദ്യം, ആവികുളി, വംശീയ ഭക്ഷണം, കരകൗശല വസ്തുക്കൾ, കാർഷിക വിഭവങ്ങൾ, വനവിഭവങ്ങൾ എന്നിവയുടെ പ്രദർശനം ഉൾക്കൊള്ളിച്ചുള്ള എക്സിബിഷൻ, നിയമബോധവൽക്കരണം, പ്രൊട്ടക്ഷൻ ഓഫ് സിവിൽ റൈറ്റ്സ്, വനാവകാശ നിയമം എന്നീ വിഷയങ്ങളെ ആസ്പദമാക്കിക്കൊണ്ടുള്ള സെമിനാറുകൾ എന്നിവയും കൂടാതെ "ആദരണീയം" എന്ന പരിപാടിയും സംഘടിപ്പിച്ചു.

(ഡി) ഗോത്രവർഗ്ഗ കലാമേളകൾ സംഘടിപ്പിക്കുന്നതിലേക്കായി സംസ്ഥാന പട്ടികവർഗ്ഗ വികസന വകുപ്പിന്റെ സഹകരണം പ്രയോജനപ്പെടുത്തിയിട്ടുണ്ട്.

സംസ്ഥാന യുവജനക്ഷേമ ബോർഡ് മുഖേന നടപ്പാക്കുന്ന പദ്ധതികൾ

222 (8058) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന യുവജന ക്ഷേമ ബോർഡു മുഖേന വിദ്യാഭ്യാസ, സാമൂഹ്യ, സാംസ്കാരിക മേഖലകളിൽ നടപ്പാക്കുന്ന പദ്ധതികൾ വിശദമാക്കാമോ ;

(ബി) എം.എൽ.എ. മാരുടെ ശുപാർശ പ്രകാരം പ്രസ്തുത മേഖലകളിൽ സന്നദ്ധ സംഘടനകൾ, യുവജന ക്ലബ്ബുകൾ എന്നിവ വഴി നടപ്പാക്കുന്ന പ്രോജക്ടുകൾക്ക് ബോർഡ് ധനസഹായം നൽകുന്നുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശം നൽകുമോ ;

(സി) ബോർഡിൽ നിന്ന് പദ്ധതികൾക്ക് ധനസഹായം ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വിശദീകരിക്കുമോ ?

ഉത്തരം

(എ) കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് കേരളോത്സവം, ഗോത്രവർഗ്ഗ കലാമേള, ദേശീയോദ്ഗ്രഥന ക്യാമ്പ്, ജോബ് ഫെസ്റ്റ്, സാഹിത്യ ക്യാമ്പ്, ജേർണലിസ്റ്റ് ക്യാമ്പ്, ഇന്റർനാഷണൽ/ഇന്റർസ്റ്റേറ്റ് യൂത്ത് എക്സ്ചേഞ്ച് പ്രോഗ്രാം, യൂത്ത് അവാർഡ്, വനിതാ ശില്പശാല, ഡി.റ്റി.പി./പി.എസ്.സി. പരിശീലനം, വിവിധ ദിനാചരണങ്ങൾ, സംസ്ഥാന നാടക ക്യാമ്പ്, വ്യവസായ സംരംഭകത്വം, സാഹസിക പരിപാടികൾ, നാടൻ കലാമേളകൾ, സ്വയംതൊഴിൽ-കാർഷിക പദ്ധതികൾ, ബോധവൽക്കരണ-വ്യക്തിത്വ വികസന ക്യാമ്പുകൾ, സിവിൽ സർവ്വീസ് ഓറിയന്റേഷൻ പ്രോഗ്രാം, ലഹരിവിരുദ്ധ ബോധവൽക്കരണ പരിപാടി, ഐ.ബി.പി.എസ്. കോച്ചിംഗ്, സംസ്ഥാന പെയിന്റിംഗ് ശില്പശാല, യൂത്ത് ലീഡർഷിപ്പ് ക്യാമ്പ്, ജീവദായിനി, സ്പോർട്സ് കിറ്റ്, പുനർജ്ജനി എന്നീ പദ്ധതികൾ വിദ്യാഭ്യാസ-സാമൂഹ്യ-സാംസ്കാരിക മേഖലകളിൽ നടപ്പിലാക്കിവരുന്നു.

(ബി) ഉണ്ട്. ശ്രീ. ആരിഫ്, എം.എൽ.എ.-യുടെ ശിപാർശ പ്രകാരം 2013-ൽ നടന്ന അശ്വർ ജോബ് ഫെസ്റ്റിന് 5 ലക്ഷം രൂപ അനുവദിച്ചു. ശ്രീ. കെ. എം. ഷാജി എം.എൽ.എ.-യുടെ ശിപാർശ പ്രകാരം അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം നടത്തുന്നതിന് ഒരു ലക്ഷം രൂപ അനുവദിച്ചു ശ്രീ. വിഷ്ണുനാഥ് എം.എൽ.എ.-യുടെ ശിപാർശ പ്രകാരം ചെങ്ങന്നൂർ ഫെസ്റ്റ് നടത്തുന്നതിന് 5 ലക്ഷം രൂപ അനുവദിച്ചു.

(സി) ബോർഡിൽ അഫിലിയേഷൻ ചെയ്തിട്ടുള്ള യൂത്ത് ക്ലബ്ബുകൾക്ക് സ്വയംതൊഴിൽ/ബോധവൽക്കരണം/കാർഷികം എന്നീ മേഖലകളിൽ പ്രവർത്തനം നടത്തുന്നതിന് ധനസഹായം നൽകുന്നുണ്ട്. ജില്ലാ യുവജനകേന്ദ്രങ്ങൾ വഴി ജില്ലാ ഓഫീസറുടെ ശിപാർശയോടുകൂടി വരുന്ന അപേക്ഷകൾക്ക് ഡയറക്ടർ ബോർഡ് തീരുമാനപ്രകാരം ധനസഹായം നൽകിവരുന്നു.

തിരുവനന്തപുരം മൃഗശാലയിലെ മൃഗപരിപാലനം

223 (8059) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013 ജനുവരിക്കു ശേഷം തിരുവനന്തപുരം മൃഗശാലയിൽ രോഗം പിടിപ്പെട്ട് എത്ര മൃഗങ്ങൾ ചത്തിട്ടുണ്ട്;

(ബി) മൃഗശാലയിലെ മൃഗപരിപാലനവുമായി ബന്ധപ്പെട്ട് എന്തെങ്കിലും കരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(സി) പ്രസ്തുത കാലയളവിൽ മൃഗശാലയിലേക്ക് പുതിയ മൃഗങ്ങളെ കൊണ്ടുവന്നിട്ടുണ്ടോ ?

ഉത്തരം

(എ) 2013 ജനുവരിക്കുശേഷം തിരുവനന്തപുരം മൃഗശാലയിൽ 7 മൃഗങ്ങൾ രോഗം പിടിപെട്ട് മരണപ്പെടുകയുണ്ടായി.

(ബി) മൃഗശാലയിലെ മൃഗപരിപാലനവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന കരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്:

1. ശാസ്ത്രീയ രീതിയിലുള്ള രോഗപ്രതിരോധ പ്രവർത്തനങ്ങൾ
2. ഫുട്ട് ടിപ്പുകൾ സ്ഥാപിക്കൽ
3. വാക്സിനേഷൻ

LIBRARY ARCHIVES Kerala Legislative Assembly